# പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 899 — 13.06.2012-ൽ മറുപടിയ്ക്ക്

## ടൂറിസം രംഗത്ത് പി.പി.പി. അടിസ്ഥാനത്തിലുള്ള പദ്ധതികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ. സി. എഫ്. തോമസ്<br>„ റ്റി. യു. കുരുവിള<br>„ തോമസ് ഉണ്ണിയാടൻ<br>„ മോൻസ് ജോസഫ്** | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ വിപുലമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയും തനത് സംസ്ക്കാരവും, പൈതൃകവും, വേറിട്ട കലാരൂപങ്ങളുമെല്ലാം പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ പുതിയ ടൂറിസം ഉത്പന്നങ്ങൾ, മേന്മയേറിയ സേവനം ഉറപ്പു വരുത്തുന്നതിന് മനുഷ്യവിഭവ ശേഷി എന്നിവ വികസിപ്പിക്കുന്നതിനും, ടൂറിസം വികസനം തദ്ദേശവാസികൾക്ക് ഗുണപ്രദമാണെന്ന് ഉറപ്പു വരുത്തി അവരുടെ പൂർണ്ണ സഹകരണത്തോടെ ടൂറിസം വികസനം സന്തുലിതമാക്കുന്നതിനും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്ത തരത്തിൽ പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ വികസനം സാധ്യമാക്കുന്നതിനും കേരള ടൂറിസം ബ്രാൻഡ് ശക്തിപ്പെടുത്തി ദേശീയ അന്തർ ദേശീയ മാർക്കറ്റുകളിൽ ശക്തമായ വിപണനം നടത്തുന്നതിനും |

സ്വകാര്യ മേഖലയുടെ മുതൽ മുടക്ക് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. നിരന്തര ചർച്ചകളുടേയും, പഠനങ്ങളു-ടേയും അടിസ്ഥാനത്തിലും കഴിഞ്ഞ കാലങ്ങളിലെ അനുഭവ സമ്പ-ത്തിന്റെയും വെളിച്ചത്തിൽ പുതിയ ടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ട്.

ടൂറിസം രംഗത്ത് സംസ്ഥാന-ത്തിന്റെ വിപുലമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുതകുന്ന വിധത്തിൽ, അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികൾ ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡിന്റെ ടി.ആർ.കെ.എൽ-ന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റോപ് വേ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള പ്രാഥമിക സാധ്യതാപഠനം, ടി.ആർ.കെ.എൽ. കേരള സർക്കാരിനു കീഴിലുള്ള ഏജൻസിയായ നാറ്റ്പാക്- വഴി നടത്തി വരികയാണ്. കൂടാതെ, ടൂറിസ്റ്റുകൾക്ക് വിവിധ പ്രദേശങ്ങളിലെ ടൂറിസം സംബന്ധമായ വിവരങ്ങൾ, ഭക്ഷണം, വിശ്രമം, വിനോദ സൗകര്യങ്ങൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായവ ലഭ്യമാക്കുന്നതിനായി വിവിധ സ്ഥല-ങ്ങളിലായി വേ സൈഡ് അമിനിറ്റി സെന്ററുകൾ, കാരാവൻ ടൂറിസം, അർബൻ എന്റർടെയിൻമെന്റ് സെന്ററു-കൾ മുതലായവ പോലെയുള്ള നൂതന

ടൂറിസം പദ്ധതികൾ ടി.ആർ.കെ.എൽ. -ന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് വരികയാണ്.

(ബി) ടൂറിസം മേഖലയിൽ പി.പി.പി. അടിസ്ഥാനത്തിൽ വലിയ തോതിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(ബി) തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം പി.പി.പി. അടിസ്ഥാനത്തിൽ നിർവ്വഹി-ക്കുന്നതിനുള്ള നടപടികൾ സ്വീകരി-ച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പദ്ധതി ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ല. ടി.ആർ.കെ.എൽ മുഖാന്തിരം വേളിയിൽ അർബൻ എന്റർടെയിൻമെന്റ് സെന്ററിന്റെ നിർമ്മാണം പി.പി.പി. അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതി-നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികൾക്കു പുറമെ വിവിധ ടൂറിസം പദ്ധതികൾ പി.പി.പി. അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി ടി.ആർ.കെ.എൽ പദ്ധതികൾ തയ്യാ-റാക്കി വരുന്നു.

സെക്ഷൻ ഓഫീസർ